## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6379 21.11.2019 ൽ മറുപടിക്ക്**

### തീരദേശപാത പൂർത്തീകരിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തീരദേശപാത സമയബന്ധിതമായി പൂർത്തീ കരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | തീരദേശപാത സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്ഥലം ലഭ്യമായ റീച്ചുകളുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. ബാക്കി റീച്ചുകളിൽ 14 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി 4 എൽ.എ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സമയബന്ധിതമായി നടപ്പിലാക്കുന്നതിനു ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി തീരദേശപാത കടന്നുപോകുന്ന അസംബ്ളി മണ്ഡലങ്ങളിലെ എം.എൽ.എ മാരെ വിളിച്ച് ചേർത്ത് രണ്ടുതവണ സംസ്ഥാനതലത്തിൽ യോഗം ചേർന്നിരുന്നു.<br>തിരുവനന്തപുരം ജില്ലയിൽ ശംഖുമുഖം മുതൽ വർക്കല വരെ കടൽത്തീരത്തിന് വളരെ അടുത്തുകൂടിയാണ് തീരദേശപാതയുടെ അലൈൻമെൻ്റ് കടന്നുപോകുന്നത്. വിദഗ്ധരായ കൺസൽട്ടൻസിയെ കൊണ്ട് 30 കി.മീ ഡിസൈൻ ചെയ്യേണ്ടത് ആവശ്യമാണ്. ഡി.പി.ആർ ഇതിനകം തയ്യാറാക്കാനാരംഭിച്ചിട്ടില്ലാത്ത റീച്ചുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി കിഫ്ബി ബിഡ് ഡോക്യുമെൻ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി ഇനിയും ഭൂമി | (ബി) | തീരദേശപാതയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കോടുകൂടി ആകെ വീതി 14 മീറ്റർ ആയി തീരദേശ ഹൈവേ |

ഏറ്റെടുക്കുവാനുണ്ടോ; വ്യക്തമാക്കുമോ;

നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാല് എൽ.എ യൂണിറ്റ് ഓഫീസുകൾ ആരംഭിച്ച് തഹസിൽദാർമാരെയും ഡെപ്യൂട്ടി തഹസിൽദാർമാരെയും നിയമിച്ചിട്ടുണ്ട്.

(സി) ഭൂമി ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പാത നിർമ്മാണത്തിന്റെ എസ്.പി.വി. ആയി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

(സി) സംസ്ഥാനത്ത് പുരോഗമിച്ചുവരുന്ന തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ രണ്ടും, കോഴിക്കോട് ജില്ലയിലെ ഒരു റീച്ചും ഉൾപ്പെടെ മൂന്ന് റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാത നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കെ.ആർഎഫ് ബി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**